തൊഴിലാളി ക്ഷേമനിധി അനുസരിച്ച് കൊടുത്തുതീർക്കുവാനുള്ള തുക

53 [2245] ശ്രീ. പി. കെ. കെ. ബാവ:
,, കെ. പി. എ. മജീദ്:
,, സി. പി. കുഞ്ഞാലിക്കുട്ടി കേയി:
,, കല്ലടി മുഹമ്മദ്:
,, പെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര തൊഴിലാളിക്ഷേമ പദ്ധതികൾ ഉണ്ട്;

(ബി) ഏതെല്ലാം പദ്ധതികളിൽ 1991 ഫെബ്രുവരി വരെ തൊഴിലാളികൾക്ക് കൊടുക്കേണ്ട തുക മുഴുവൻ കൊടുത്തുതീർത്തു;

(സി) ഏതെല്ലാം പദ്ധതികളിൽ കുടിശ്ശിക വരുത്തി;

(ഡി) എത്ര വീതം?

ഉത്തരം

(എ) സംസ്ഥാനത്ത് തൊഴിൽ വകുപ്പിന്റെ കീഴിൽ 9 ക്ഷേമനിധി പദ്ധതികളും 2 ക്ഷേമപദ്ധതികളും നിലവിലുണ്ട്.

(ബി) ക്ഷേമനിധി ബോർഡുകൾ നടപ്പിലാക്കുന്ന പദ്ധതികൾ മുഖേന നൽകേണ്ട തുകകൾ യഥാസമയം നൽകുന്നുണ്ട്. പദ്ധതി പ്രകാരമുള്ള തുകകൾ കൊടുത്തുതീർത്തിട്ടില്ല.

(സി) ക്ഷേമനിധി പദ്ധതികൾ ഒന്നുംതന്നെ കുടിശ്ശിക വരുത്തിയതായി കാണുന്നില്ല. കേരള മരംകയറ്റ തൊഴിലാളി ക്ഷേമ പദ്ധതി, കേരളാ ആർട്ടിസാൻസ് (ഡെത്ത്-കം-റിട്ടയർമെന്റ്) ക്ഷേമ പദ്ധതി എന്നീ ക്ഷേമപദ്ധതികളിൽ കുടിശ്ശിക വന്നിട്ടുണ്ട്.

(ഡി) കേരള മരംകയറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം 31-12-1990-വരെ 181 പേർക്ക് ധനസഹായം നൽകാനുണ്ട്.

കേരളാ ആർട്ടിസാൻസ് (ഡെത്ത്-കം-റിട്ടയർമെന്റ്) ക്ഷേമപദ്ധതി പ്രകാരം മരണമടഞ്ഞ 262 പേരുടെ അവകാശികൾക്ക് മരണാനന്തരസഹായം നൽകുവാനുണ്ട്.

ചുമട്ടു തൊഴിലാളികളിൽനിന്നും പിരിച്ചിട്ടുള്ള തുക

54 [2246] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചുമട്ടുതൊഴിലാളികളിൽ നിന്നും 1990-91 വർഷത്തിൽ തൊഴിലാളി വിഹിതമായി എന്തു തുക അംശദായമായി പിരിച്ചിട്ടുണ്ട്;

(ബി) ജില്ല തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്തുമോ;

(സി) ചുമട്ടുതൊഴിലാളി ക്ഷേമനിധിയിലേക്ക് ഈ ഗവൺമെന്റ് അധികാരമേറ്റശേഷമുള്ള കാലയളവിൽ 1991 ഫെബ്രുവരി വരെ തൊഴിലുടമകൾ അടക്കേണ്ട വിഹിതത്തിൽ എന്തു തുക പിരിച്ചെടുത്തു;

LIBRARY ARCHIVES Kerala Legislative Assembly